"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - സ്വകാര്യ എയ്ഡഡ് കോളേജ് - വൈക്കം സെന്റ് സേവ്യേഴ്സ് കോളേജ് കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. പയസ് വർഗീസ് ഫയൽ ചെയ്ത WP(C)No.5200/2021 - ന്മേലുളള 23.03.2021 - ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1138/2021/ഉ.വി.വ                    തീയതി,തിരുവനന്തപുരം, 01/09/2021

പരാമർശം:-

1. WP(C)No.5200/2021 ന്മേലുളള 23.03.2021 - ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം.
2. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ 19.04.2021 തീയതിയിലെ 2075/ACB5/20121/MGU ഉത്തരവ്.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 29.06.2021 തീയതിയിലെ യു.ജി.സി സെൽ 4/9834/2021/കോ.വി.വ നമ്പർ കത്ത്.
4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ 12.08.2021 തീയതിയിലെ 3956/ACB5/2021/MGU ഉത്തരവ്.

<u>ഉത്തരവ്</u>

വൈക്കം സെന്റ് സേവ്യേഴ്സ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പയസ് വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.5200/2021 - ൽ 23.03.2021-ലെ ബഹു.ഹൈക്കോടതി വിധിന്യായത്തിൽ Ext.p.10 അപ്പീൽ പെറ്റീഷനിൽ ഒന്നാം എതിർകക്ഷിയായ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട്, പരാതിക്കാരെയും, മറ്റ് കക്ഷികളെയും കേട്ട് മൂന്ന് മാസത്തിനകം തീരുമാനമെടുക്കുവാൻ ഉത്തരവായിരുന്നു.പരാമർ ശം (1) - ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തിയത് പ്രകാരം പെറ്റീഷണറെ 30.06.2021-ൽ ഓൺലൈനായി അണ്ടർ സെക്രട്ടറി കേൾക്കുകയും, ടി ഹിയറിംഗിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുക്കുകയും ചെയ്തു.

2. പെറ്റീഷണർ വൈക്കം സെന്റ് സേവ്യേഴ്സ് കോളേജിൽ 06.11.1992 മുതൽ കെമിസ്ട്രി ലക്ചറർ ആയി നിയമിതനായി. നിയമനാംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് WP(C)No.5323/2004 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചുവെന്നും സീനിയർ ഗ്രേഡ് ലഭിക്കാത്തതിനെത്തുടർ ന്ന് WP(C)No.30056/2016, 25490/2018 എന്നിവ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 07.11.1998 മുതൽ സീനിയർ ഗ്രേഡ് ലഭിച്ചുവെന്നും , നിലവിൽ ഇനി ലഭിക്കാനുള്ളത് നവംബർ 2003 മുതൽ ലഭിക്കേണ്ട സെലക്ഷൻ ഗ്രേഡ് ആണെന്നും, 31.12.2018 വരെ അതിനായി കരിയർ അഡ്വാൻസ്മെന്റ് സ്കീം, ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ എന്നിവ നിർബന്ധമല്ലായിരുന്നെന്നും തനിക്ക് 2003 - ൽ സെലക്ഷൻ ഗ്രേഡിന് യോഗ്യനായിരുന്നതിനാൽ മേൽപ്പറഞ്ഞ കോഴ്സുകൾ ബാധകമല്ലായിരുന്നുവെന്നും പെറ്റീഷണർ ഹിയറിംഗിൽ അറിയിച്ചു.കരിയർ അഡ്വാൻസ്മെന്റ് സ്കീം,

ഓറിയന്റേഷൻ , റിഫ്രഷർ കോഴ്സുകൾ എന്നിവ നിർബന്ധമല്ലാതെതന്നെ 2003 - ൽ സെലക്ഷൻ ഗ്രേഡിന് യോഗ്യനായിരുന്നിട്ടും പരാതിക്കാരൻ ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ എന്നിവ നേടിയിട്ടും തന്റെ സെലക്ഷൻ ഗ്രേഡ് ശുപാർശ സർവകലാശാല മടക്കിയയച്ചുവെന്നും അറിയിച്ചു. അതിനാൽ 2003 മുതൽ അർഹമായ സെലക്ഷൻ ഗ്രേഡ് അനുവദിക്കണമെന്നും പെറ്റീഷണർ അറിയിച്ചു.

3. ടിയാന്റെ സെലക്ഷൻ ഗ്രേഡ് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ രണ്ട് റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലായെന്ന അപാകത ചൂണ്ടിക്കാട്ടി എം.ജി. സർവ്വകലാശാല മടക്കിയയച്ചുവെന്നും സെലക്ഷൻ ഗ്രേഡ് അനുവദിക്കുന്നത് സർവ്വകലാശാലയുടെ അംഗീകാരത്തിനു വിധേയമായി മാത്രമെ പരിഗണിക്കാനാകൂവെന്നും കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ശ്രീ.പയസ് വർഗീസ് 2021 ഫെബ്രുവരിയിൽ രണ്ടാമത് റിഫ്രഷർ കോഴ്സ് നേടിയിട്ടുള്ളതായും ടി സർട്ടിഫിക്കറ്റ് സഹിതം സെലക്ഷൻ ഗ്രേഡ് അനുവദിക്കുന്നതിനായി സർവ്വകലാശാലയിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഹിയറിംഗിൽ അറിയിച്ചു.

4. 24.09.2020 - ലെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കത്ത് എക്സിബിറ്റ് P9 പ്രകാരമാണ് അപാകതകൾ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. ടി കത്തിൻമേൽ സർവകലാശാലയോട് സർക്കാർ വിശദീകരണം തേടിയിരുന്നു. ആയതിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ കെമിസ്ട്രി വിഭാഗം സീനിയർ സ്കെയിൽ ലക്ചററായ ശ്രീ.പയസ് വർഗ്ഗീസിന്റെ സെലക്ഷൻ ഗ്രേഡ് ലക്ചറർ സ്ഥാനക്കയറ്റത്തിനായി സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പാൾ സർവ്വകലാശാലയിൽ ശുപാർശ സമർപ്പിക്കുകയും, പ്രസ്തുത സ്ഥാനക്കയറ്റത്തിന് വേണ്ട രണ്ട് റിഫ്രഷർ കോഴ്സുകളിൽ പങ്കെടുത്തിട്ടില്ല എന്നതിനാൽ ടി അദ്ധ്യാപകന്റെ സ്ഥാനക്കയറ്റ ശുപാർശ സർവ്വകലാശാല നിരസിക്കുകയും ചെയ്തതായാണ് അറിയിച്ചത്. എന്നാൽ 31.12.2018 വരെയുള്ള CAS സ്ഥാനക്കയറ്റങ്ങൾക്ക് ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ നിർബന്ധമില്ല എന്ന 2018 യു.ജി.സി റെഗുലേഷൻ വ്യവസ്ഥ സർവ്വകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് പരാമർശം (2) പ്രകാരം മഹാത്മാ ഗാന്ധി സർ വ്വകലാശാല ഉത്തരവാകുകയും തുടർന്ന് പെറ്റീഷണറായ ശ്രീ.പയസ് വർഗീസിന്റെ ലക്ചറർ സീനിയർ സ്കെയിലിൽ നിന്നും ലക്ചറർ സെലക്ഷൻ ഗ്രേഡിലേക്കുള്ള പ്രൊമോഷൻ അംഗീകരിച്ച് പരാമർശം (4) പ്രകാരം മഹാത്മാ ഗാന്ധി സർവ്വകലാശാല ഉത്തരവായിട്ടുണ്ട്.ഇപ്രകാരം വൈക്കം സെന്റ് സേവ്യേഴ്സ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പയസ് വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.5200/2021 - ൽ ബഹു.ഹൈക്കോടതിയുടെ പരാമർശം(1)-ലെ വിധിന്യായം പാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Vijayan A
**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
രജിസ്ട്രാർ എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം
പ്രിൻസിപ്പാൾ, സെന്റ്സേവ്യേഴ്സ് കോളേജ്, വൈക്കം
ശ്രീ.പയസ് വർഗീസ് ,അസിസ്റ്റന്റ് പ്രൊഫസർ, കെമിസ്ട്രി വിഭാഗം, സെന്റ്സേവ്യേഴ്സ് കോളേജ്, വൈക്കം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ